**പതിനാലാം കേരള നിയമസഭ**
**ഇരുപത്തിരണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 607** **13.01.2021-ൽ മറുപടിക്ക്**

**അങ്കമാലി മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം**

| | ചോദ്യം<br><br>ശ്രീ. റോജി എം. ജോൺ | | മറുപടി<br><br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | അങ്കമാലി മണ്ഡലത്തിൽ വോൾട്ടേജ് ക്ഷാമത്തിന് പരിഹാരം കാണുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അങ്കമാലി നിയോജക മണ്ഡലത്തിലെ വിവിധ സെക്ഷൻ ഓഫീസുകളുടെ പരിധിയിൽ വരുന്ന പ്രദേശങ്ങളിലായി വിതരണ വിഭാഗത്തിനു കീഴിൽ 93.233 കി. മി 11 കെ. വി ലൈൻ വലിക്കുകയും 79 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 1297.28 കി മി എൽ. ടി ലൈൻ റീ കണ്ടക്ടറിങ് ചെയ്യുകയും 56.09 കി. മി സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റുകയും, ചെയ്തിട്ടുണ്ട്. |
| (ബി) | പ്രളയാനന്തരം പുനരുദ്ധാരണത്തിനും വൈദ്യുതി പ്രസരണ രംഗം ശക്തിപ്പെടുത്തുന്നതിനും ലൈൻ നീട്ടുന്നതിനും ട്രാൻസ്ഫോമറുകളുടെ ശേഷി കൂട്ടുന്നതിനും അനുവദിച്ച പദ്ധതികളുടെ അടങ്കൽ തുക ഇനം തിരിച്ച് ലഭ്യമാക്കാമോ? | (ബി) | 2018-ലെ പ്രളായാനന്തര പുനരുദ്ധാരണത്തിന്റെ ഭാഗമായി വീടുകളുടെ കണക്ഷൻ പുനഃസ്ഥാപിക്കുന്നതിന് വേണ്ടി 3.51 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. 2019-ലെ പ്രളായാനന്തര പുനരുദ്ധാരണത്തിനും വൈദ്യുതി പ്രസരണം രംഗം ശക്തിപ്പെടുത്തുന്നതിനും ലൈൻ നീട്ടുന്നതിനും ട്രാൻസ് ഫോർമറുകളുടെ ശേഷി കൂട്ടുന്നതിനും വേണ്ടി 68.32 ലക്ഷം രൂപയും ചെലവാക്കിയിട്ടുണ്ട്. വൈദ്യുതി പ്രസരണരംഗം ശക്തിപ്പെടുത്തുന്നതിനും ലൈൻ നീട്ടുന്നതിനും ട്രാൻസ്ഫോർമറുകളുടെ ശേഷി കൂട്ടുന്നതിനും ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുമായി വിതരണ മേഖലയിൽ ബോർഡിന്റെ തനതു ഫണ്ട് ഉപയോഗിച്ച് നടത്തുന്ന 'ദ്യുതി 2021'ൽ ഉൾപ്പെടുത്തി, അങ്കമാലി മണ്ഡലത്തിൽ |

| | | | |
|---|---|---|---|
| | | | 3652 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കികൊണ്ടിരിക്കുന്നു. ഇതിൽ 833 ലക്ഷം രൂപ എച്ച് .ടി ലൈൻ നിർമ്മിക്കുന്നതിനും 229 ലക്ഷം രൂപ എൽ.ടി ലൈൻ നിർമ്മിക്കുന്നതിനും 72 ലക്ഷം രൂപ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനോ അവയുടെ ശേഷി കൂട്ടുന്നതിനോ ആയും 502 ലക്ഷം രൂപ ലൈൻ കൺവെർഷൻ നടത്തുന്നതിനും 855 ലക്ഷം രൂപ ലൈൻ റീ കണ്ടക്ടറിങ് നടത്തുന്നതിനും 262 ലക്ഷം രൂപ ലൈനുകളുടെയും ട്രാൻസ്ഫോർ മറുകളുടെയും പോസ്റ്റുകളുടെയും standardization പ്രവൃത്തികൾക്കായും 899 ലക്ഷം രൂപ മറ്റു അനുബന്ധ പ്രവൃത്തികൾക്കായുമാണ് വകയിരുത്തിയിട്ടുള്ളത്.<br>പെരിങ്ങൽകുത്തിൽ നിന്നും കളമശ്ശേരിയിലേക്കുള്ള പുതിയ 110 കെ.വി ഇരട്ട സർക്യൂട്ട് ലൈനിന്റെ ഭാഗമായി 16 കി.മീ പുതിയ 110 കെ.വി ലൈൻ അങ്കമാലി മണ്ഡലത്തിൽ നിർമ്മിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് ഏകദേശം 10.3 കോടി രൂപ ചിലവഴിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി മലയാറ്റൂർ സബ് സ്റ്റേഷനിൽ 1.49 കോടി രൂപയുടെ പ്രവൃത്തികളും ചെയ്തിട്ടുണ്ട്.<br>വിതരണ മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി അങ്കമാലി സബ് സ്റ്റേഷനിൽ നിന്നും ഒരു പുതിയ 11 കെ.വി ഫീഡർ അങ്കമാലി മണ്ഡലത്തിലേയ്ക്ക് കൊടുക്കുന്നതിനായി ഏകദേശം 7.5 ലക്ഷം രൂപ ചിലവിൽ ഒരു 11 കെ.വി ഫീഡർ പാനൽ സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ